# Deepika

## 19 August 2018

## Kochi, Flood, Canals& Streams Overflowed



### കൊച്ചി നഗരത്തിലെ കനാലുകളും ഇടത്തോടുകളും കരകവിഞ്ഞു

**കൊച്ചി:** പ്രളയം കൊച്ചി നഗരത്തിലേക്കുമെത്തി. ഇടപ്പള്ളി തോടും മുട്ടാർ പുഴയും പേരണ്ടൂർ കനാലും കരകവിഞ്ഞൊഴുകിയതോടെ നഗരത്തിലെ പലയിടങ്ങളിലും വെള്ളക്കെട്ട്. നഗരത്തിൽ കലൂർ, ജഡ്ജസ് അവന്യൂ, പുല്ലേപ്പടി, കതൃക്കടവ്-തമ്മനം റോഡ് എന്നിവിടങ്ങളിലാണ് കൂടുതലായും വെള്ളക്കെട്ടുണ്ടായത്. വെള്ളിയാഴ്ച അമ്പാട്ട്കാവ് വരെ വെള്ളം കയറിയിരുന്നു. ഇന്നലെ കളമശേരി, ഇടപ്പള്ളി മേഖലയിലേക്കും വെള്ളം ഒഴുകിയെത്തി. കളമശേരി നഗരസഭാ പരിധി ഒഴിച്ചുള്ള സ്ഥലങ്ങളെല്ലാം പൂർണമായും വെള്ളത്തിലാണ്. ഏലൂർ നഗരസഭ, കടുങ്ങല്ലൂർ, കരുമാല്ലൂർ, കുന്നുകര, ആലങ്ങാട് പഞ്ചായത്തുകളിലെ മിക്ക വീടുകളിലും വെള്ളം കയറി. നിരവധി പേർ വീടുകളിലും ഫ്ളാറ്റുകളിലുമായി കുടുങ്ങിക്കിടക്കുകയാണ്. പലർക്കും ഭക്ഷണവും കുടിവെള്ളവും കിട്ടിയിട്ട് രണ്ടു ദിവസമായി.

വെള്ളിയാഴ്ച രാത്രി കലൂർ ജംഗ്ഷനിൽ രൂപപ്പെട്ട വെള്ളക്കെട്ട് ഇന്നലെ കൂടുതൽ പ്രദേശത്ത് വ്യാപിച്ചു. ഗന്ധിനഗർ, കരുത്തല കോളനികൾ, പിആൻടി കോളനിയിലും വെള്ളം കയറി. വൈപ്പിൻ ദ്വീപും വെള്ളക്കെട്ടിലാണ്. കുടിവെള്ളം വിതരണം മുടങ്ങിയത് ക്യാമ്പുകളിൽ കഴിയുന്നവരെ ദുരിതത്തിലാക്കി.

പച്ചാളം, ചിറ്റൂർ, വടുതല, ഇടപ്പള്ളി, ചേരാനെല്ലൂർ ഭാഗങ്ങളിൽ കയറിയ വെള്ളം ഇറങ്ങിയിട്ടില്ല. പച്ചാളം കാട്ടിക്കുളങ്ങര ക്ഷേത്രത്തിന് സമീപം അമ്പതോളം വീടുകൾ വെള്ളത്തിലാണ്. ചിറ്റൂർ ഭാഗത്ത് പ്രവർത്തിച്ചിരുന്ന ഒരു ദുരിതാശ്വാസ ക്യാമ്പിൽ വെള്ളം കയറിയതിനെ തുടർന്ന് ആളുകളെ നഗരത്തിലേക്ക് മാറ്റി പാർപ്പിച്ചു.